# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ്എകെടിഎം പി8/410/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ്എകെഡിഎം പി8/410/2022 തീയ്യതി: 25/03/2022

## കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം.എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ. | 14-02-2022 | 25-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 25-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി ആർ,ഓഡിറ്റ് ഓഫീസർ

ശ്രീ സുമേഷ് പി വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ യോഗേഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ആൽബിൻ സിറിയക്,ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വി ജി മോഹനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സുനിൽ എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ധന്യ ഗോപാലകൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി തെരേസ അലക്സ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു എൽ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ അജിത്കുമാർ എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സുമൻ ബാബു | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ബിനാഷ ശ്രീധർ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 29-05-2019 |
| ഡോ.സുധർമ്മിണി ടി തങ്കപ്പൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 29-05-2019 | 31-03-2020 |
| ഡോ.മോളി കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ.മഞ്ജുള കെ എൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-06-2019 | 05-11-2019 |
| ഡോ.സുമ കെ ബി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 05-11-2019 | 31-03-2020 |
| ശ്രീമതി സൂര്യ ജി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി വിദ്യ വേലായുധൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീ സതീഷ് കുമാർ കെ ഡി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വിൻസിമോൾ | അസിസ്റ്റന്റ് | 13-07-2019 | 25-07-2019 |

| | | | |
|---|---|---|---|
| ലൂക്കോസ് | സെക്രട്ടറി(ഇൻ ചാർജ്) | | |
| ശ്രീമതി ഷീജാമോൾ കെ | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീമതി അനില കെ എസ് | വി ഇ ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീന കെ പി | വി ഇ ഓ | 01-04-2019 | 01-07-2019 |
| ശ്രീമതി അനില കെ എസ് | വി ഇ ഓ | 02-07-2019 | 23-10-2019 |
| ശ്രീമതി ചിത്തിര എസ് | വി ഇ ഓ | 24-10-2019 | 31-03-2020 |
| ശ്രീ ആർ രമേഷ് ബാബു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 12-07-2019 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 22-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 18-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yogesh R (Senior Grade Auditor, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-12 |
| 13 | ലേലം- അപാകതകൾ<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-13 |
| 14 | വാടക- അപാകതകൾ<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-14 |
| 15 | ആംബുലൻസ് - ഉപയോഗത്തിലും പരിപാലനത്തിലും അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-15 |
| 16 | വനിത വസ്ത്രനിർമ്മാണ യൂണിറ്റ് കെട്ടിടത്തിൽ സ്വയം തൊഴിൽ സംരംഭം- അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-16 |
| 17 | വരൾച്ചാ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- അപാകതകൾ | 1-17 |

| | | |
|---|---|---|
| | Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | |
| 18 | പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-18 |
| 19 | പെൻസിൽ പ്രോഗ്രാം- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-19 |
| 20 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-20 |
| 21 | ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-21 |
| 22 | ബാലസഭ – 2317 രൂപ ചെലവഴിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-22 |
| 23 | ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-23 |
| 24 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 23-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-24 |
| 25 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-25 |
| 26 | ഭവന പുനരുദ്ധാരണം - വീട് പണി പൂർത്തിയാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-26 |
| 27 | നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-27 |
| 28 | ഇ-ടെണ്ടർ- ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-28 |
| 29 | ലൈഫ് പദ്ധതി അവലോകനം. 2019-20<br>Written By: Albin Cyriac (Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10057371 | 21044974.05 |
| വരവ് | 148468847 | 55446271 |
| ആകെ | 158526218 | 76491245 |
| ചെലവ് | 117764160 | 64844507 |
| നീക്കിയിരിപ്പ് | 40762058 | 11646738.05 |

## 1-2 വാർഷിക ധനകാര്യ പത്രിക

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 83632096/- രൂപയും ചെലവ് 92798021 /- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 9165925/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം77109118.30/- രൂപയും ബാധ്യതകളുടെ മൂല്യം73123475.2 /- രൂപയും ജനറൽ ഫണ്ട് 3985643.10 /- രൂപയുമാണ്. 2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ.ഉ.(എംഎസ്)152/11/തസ്വഭവ തീയതി 26.09.11 ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2.ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല.

3.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(4)എച്ച് പ്രകാരം കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.വസ്തുനികുതി സംബന്ധിച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി.കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5.കേരള ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല .

6.കേരള ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ 31.03.2020ലെ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2240544.45 രൂപയാണ്.എന്നാൽ പൊരുത്തപ്പെടുത്തൽ പത്രികയിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത് 2240543 രൂപയാണ്.

7.വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാറ് നൽകിയിട്ടുള്ള 218050 രൂപ RP -14 ഷെഡ്യൂളിൽ Other Finance Expenses (240800101) എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് RP-13 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.

8.തൊഴിലുറപ്പ് പദ്ധതി വരവ് -ചെലവുകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

9.ആംബുലൻ വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരവ് തുക Hire Charges Of Ambulance എന്ന ശീർഷകത്തിന് പകരം Hire Charges Of Other Vehicle എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

10.Slaughter House വരവ് സബന്ധിച്ച് ഡി.സി.ബി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ പ്രസ്തുത ഇനത്തിലെ ഡിമാന്റ്, വരവ്,നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21044974.05 |
| ഓഡിറ്റ് വർഷത്തെ വരവ് | 55446271 |
| ആകെ | 76491245 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 64844507 |
| നീക്കിയിരിപ്പ് | 11646738.05 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1102542 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19068098 | 19068098 | 11446026 | 7622072 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8976000 | 8976000 | 3047428 | 5928572 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 256000 | 256000 | 77000 | 179000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10820000 | 10820000 | 7819118 | 3000882 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3861000 | 3861000 | 2502064 | 1358936 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9372310 | 9372310 | 5804391 | 3567919 |
| തൊഴിലുറപ്പ് പദ്ധതി (ഭരണസമിതി) | 636.5 | 14186140 | 14186776.5 | 14185846 | 930.5 |
| (ഐ.സി.ഡി. എസ്) | 1051327 | 913726 | 1965053 | 732197 | 1232856 |
| റ്റി.എസ്.സി | 827025 | 64942 | 891967 | 397637 | 494330 |

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 732533 രൂപ, 132353രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത ഗ്രാന്റ് തുക വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 290/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 294118 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 291/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 294117 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 288/20<br>കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 72149 | വികസനഫണ്ട്<br>പൊതുവിഭാഗം |
| 289/21<br>കേരള ജല അതോറിറ്റിയ്ക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 72149 | വികസനഫണ്ട്<br>പൊതുവിഭാഗം |
| ആകെ | 732533 | |
| 292/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 66176 | വികസനഫണ്ട്<br>എസ്.സി.പി. |
| 293/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 66177 | വികസനഫണ്ട്<br>എസ്.സി.പി. |
| ആകെ | 132353 | |

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

2019-2020 പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതി പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം താഴെ ചേർക്കുന്നു.

### വാർഷികപദ്ധതിയുടെ അംഗീകാരം

| | |
|---|---|
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (നമ്പർ/ തീയതി ) | 2707/18/DPC/DPO/KTM /01.02.2020 |

| | |
|---|---|
| വാർഷിക പദ്ധതി - ഭരണസമിതി അംഗീകാരം (നമ്പർ/ തീയതി ) | 14.12.2018-1(2) |

വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 02/10/2018 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 23/10/2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 03.11.2018 മുതൽ 11.11.2018 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 19.11.2018 |
| ഊരുകൂട്ടയോഗം | 19.11.2018 |
| വികസനസെമിനാർ | 03.12.2018 |

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 230 | 135 | 120299258 | 40289795 | 33.49 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

2019-20 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ 2019-20 | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 2230000 | 2086040 | 93.54 |
| വെറ്ററിനറി സർജൻ | 5 | 5 | 2853000 | 2164518 | 75.87 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 3 | 3 | 820076 | 745068 | 90.85 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 7 | 52082333 | 6113261 | 11.74 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 3 | 4098702 | 3529789 | 86.12 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 300000 | 0 | 0 |
| സെക്രട്ടറി | 29 | 23 | 6514397 | 5182356 | 79.55 |
| ഹെഡ്മാസ്റ്റർ ഗവ. എൽ. പി. എസ് . | 1 | 0 | 70000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 162 | 80 | 49009570 | 18744063 | 38.25 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 2121180 | 1524700 | 71.88 |
| ആകെ | 230 | 135 | 120299258 | 40289795 | 33.49 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. . 2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 360 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 72 പദ്ധതികളിൽ 71 എണ്ണം പൂർത്തീകരിച്ചു. 2019-20 വർഷം 15 ഗ്രാമസഭകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 44700 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 42.13 ആണ്. 1153 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകൾ,വാചാലുകൾ ആഴം കൂട്ടൽ,തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം കാഷ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.വാർഷികകണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 636.50 | 773670 | 774306 | 773376 | 930.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 13412470 | 13412470 | 13412470 | |
| ആകെ | 636.5 | 14186140 | 14186776.5 | 14185846 | 930.5 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107760 | 66 |
| വാർദ്ധക്യകാലപെൻഷൻ | 9532800 | 1701 |
| കർഷകതൊഴിലാളി പെൻഷൻ | 2388600 | 407 |
| വിധവാപെൻഷൻ | 3227400 | 572 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 319800 | 53 |
| വികലാംഗപെൻഷൻ | 1425000 | 255 |
| വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2019 | നവംബർ 2019 | PA11970/09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2014 – 25/04/2014 | 2008/09 – 2012/13 | LBA(HQ)11/8A-2144/84 Dt 03/06/14 |

1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | യു.എ.ഇ എക്സ്ചേഞ്ച് | II |
| 2 | ഭാഗ്യ ലക്ഷ്മി ഫ്യൂവൽസ് | II |
| 3 | കെ.എസ്.ബി.സി തലയോലപ്പറമ്പ് | II |
| 4 | വൈക്കം താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | II |
| 5 | ജിയോ പോയിന്റ് | II |
| 6 | റോയൽ ബേക്കറി | II |
| 7 | കാർണിവൽ സിനിമാസ് | II |
| 8 | ഹോട്ടൽ മലബാർ | II |
| 9 | ഫുഡ് സേഫ്റ്റി ഓഫീസ് വൈക്കം സർക്കിൾ | I&II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/24.02.22)മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

2019-20 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മിനി മുത്തൂറ്റ് നിധി | ഒന്ന് |
| 2 | ഐ.സി.എൽ ഫിൻകോർപ്പ് | ഒന്ന് |
| 3 | കെ.എസ്.ഇ.ബി | ഒന്ന് |
| 4 | കല്യാൺ ജ്വൂവലേഴ്സ് | ഒന്ന് |
| 5 | കേരള ഗ്രാമീൺ ബാങ്ക് | ഒന്ന് |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/24.02.22)മേൽ സ്ഥാപന ങ്ഹൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 ലേലം- അപാകതകൾ

1) ലേലം- കുടിശ്ശിക ഈടാക്കിയിട്ടില്ല.

06/03/19 ലെ 2(3) നമ്പർ കമ്മറ്റി തീരുമാന പ്രകാരം വെളിന്തറ സസ്യ മാർക്കറ്റിൽ നിന്ന് ഫീസ്

പിരിക്കുന്നതിനുള്ള അവകാശം പ്രതിവർഷം 80000 രൂപക്ക് തലയോലപറമ്പ് മർച്ചന്റ് അസോസിയേഷൻ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഇനത്തിൽ 75000 രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. 5000 രൂപ കുടിശ്ശിക അവശേഷിക്കുന്നു. തുക പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22.02.22) തുക അടവാക്കുന്നതിനായി മർച്ചന്റ് അസോസിയേഷന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

2)ലേല കുടിശ്ശിക (അരിയർ)- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2019-20 ബാലൻസ് ഷീറ്റ് പ്രകാരം ബി-15 ഷെഡ്യൂൾ പ്രകാരം റിസീവബിൾസ് ടുവേഡ്സ് മാർക്കറ്റ് റസീപ്റ്റ് (അരിയർ) എന്നയിനത്തിൽ 5000 രൂപയും റിസീവബിൾസ് ടുവേഡ്സ് സ്ലോട്ടർ ഹൗസ് റസീപ്റ്റ് (അരിയർ) എന്നയിനത്തിൽ 265455 രൂപയും കുടിശ്ശികയുള്ളതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/22.02.22) രേഖകൾ പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . തുക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 വാടക- അപാകതകൾ

1.വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല

തലയോലപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കുത്തകക്കാരിൽ നിന്ന് വാടക ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | കുടിശ്ശിക അടവാക്കാനുള്ള മാസങ്ങൾ | അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 4 | II/574 | അനിൽകുമാർ | 1922 | മാർച്ച് 2020 | 1922 |
| 5 | II/674 | ത്രേസ്യാമ്മ ജോസഫ് | 2019 | ഏപ്രിൽ 2019-നവംബർ 2019 | 16152 |
| | | | | ആകെ | 18074 |

ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/22.02.22) ഇതു സംബന്ധിച്ച് പരിശോധന നടത്തി വിവരമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുമണ്ട് . വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

2.വാടക കുടിശ്ശിക (അരിയർ) – വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2019-20 ബാലൻസ് ഷീറ്റ് പ്രകാരം ബി-15 ഷെഡ്യൂൾ പ്രകാരം റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്സ് (അരിയർ) എന്നയിനത്തിൽ 41639 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.02.22 ) ഇതു സംബന്ധിച്ച് പരിശോധന നടത്തി വിവരമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുമണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ആംബുലൻസ് - ഉപയോഗത്തിലും പരിപാലനത്തിലും അപാകതകൾ

ഗ്രാമപഞ്ചായത്തിന് സൗത്ത് ഇൻഡ്യൻ ബാങ്ക് സൗജന്യമായി നൽകിയ KL-36G-8988 നമ്പർ ആംബുലൻസ് പൊതു ജനങ്ങൾക്കായി വാടക ഈടാക്കി വിട്ടുനൽകുന്നുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് ദിവസ വേതന അടിസ്ഥാനത്തിൽ മുഴുവൻ സമയ ഡ്രൈവർമാരേയും ജോലിക്ക് നിയോഗിച്ചിട്ടുണ്ട്.

വാഹനത്തിന്റെ പരിപാലന ചെലവുകൾക്കായി 2019-20 വർഷം 292004 രൂപ ചെലവുള്ളതായി കാണുന്നു. ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് ഇനം | 2019-20 ൽ ചെലവായ തുക |
|---|---|---|
| 1 | ഡ്രൈവർമാരുടെ വേതനം | 160605 |
| 2 | ഡ്രൈവർമാരുടെ ബാറ്റ | 25822 |
| 3 | ഇന്ധന ചെലവ് | 52722 |
| 4 | സർവ്വീസ് & മെയിന്റനൻസ് | 15939 |
| 5 | മറ്റ് ചെലവുകൾ (രജിസ്ട്രേഷൻ, ഇൻഷുറൻസ് തുക) | 36916 |
| | ആകെ | 292004 |

വാർഷികകണക്കുകൾ പ്രകാരം 2019-20 ലെ ആംബുലൻസിന്റെ വാടകയിനത്തിലുള്ള ആകെ വരവ് 195942 രൂപ മാത്രമാണ്. എന്നാൽ പുറത്തു നിന്നും ലഭിക്കുന്ന വാഹന ഉപയോഗത്തിനുള്ള വാടക കൃത്യമായും കാര്യക്ഷമമായും ഈടാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നില്ല. 28.05.2019 ലെ 3/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം ആംബുലൻസിന്റെ വാടകയുടെ നിരക്കുകള് മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. വാഹനത്തിന്റെ പൊതു ഉപയോഗത്തിനുള്ള ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. ആയതിനാൽ ഡ്രൈവർമാരുടെ വേതനം , ബാറ്റ ,മറ്റ് ചെലവുകൾ എന്നിവ ഏത് അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. ആംബുലൻസ് വാഹനം നിയമപരമായി ക്വട്ടേഷൻ ക്ഷണിക്കാതെയും പഞ്ചായത്ത് അനുമതി കൂടാതെയും മെയിന്റനൻസുകൾ നടത്തുന്നതായും വാഹന വാടക കൃത്യമായി അടവ് വരാതെയും രസീത് ബുക്കുകൾ ഡ്രൈവർമാർ കൈകാര്യം ചെയ്യുന്നതായും ഇത് സംബന്ധിച്ച ഫയലിൽ കാണുന്നു. പണം ഈടാക്കി വണ്ടി ഉപയോഗിച്ച ശേഷം തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ തന്നെ തുക പഞ്ചായത്തിൽ അടവാക്കുന്നുമില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23.02.22) കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും അലക്ഷ്യമായി രസീത് ബുക്ക് കൈകാര്യം ചെയ്തതിന് ഡ്രൈവറെ മാറ്റിയിട്ടുള്ളതാണെന്നും ആംബുലൻസിന്റെ മേൽ നോട്ട ചുമതല ഒരു ക്ലർക്കിനേയും ജൂനിയർ സൂപ്രണ്ടിനേയും ഏല്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എങ്കിലും ആംബുലൻസിന്റെ ഉപയോഗത്തിലും പരിപാലനത്തിലും ഗ്രാമപഞ്ചായത്ത് കൃത്യമായ നിരീക്ഷണവും സാമ്പത്തിക അച്ചടക്കവും പാലിക്കുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ആംബുലൻസ് പരിപാലനം സംബന്ധിച്ചുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1.കരട് ബൈലോയ്ക്ക് അംഗീകാരം വാങ്ങി അതിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക

2.ആംബുലൻസിന്റെ മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ രസീതുകൾ ,ലോഗ് ബുക്ക് എന്നിവ കൃത്യമായി പരിശോധിച്ച് വാടകയിനത്തിൽ ലഭ്യമാകുന്ന തുക യഥാസമയം പഞ്ചായത്തിൽ അടവാക്കുന്നുവെന്ന് ഉറപ്പാക്കുകയും വരവ് ചെലവ് കണക്കുകൾ കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

3.ആംബുലൻസിന്റെ വാടകനിരക്കിൽ ഇന്ധന വിലവർദ്ധനവിന് ആനുപാതികമായ വർദ്ധനവ് വരുത്തുകയും ആവർത്തന ചെലവുകൾ പരമാവധി കുറയ്ക്കുകയും ചെയ്യുക.

4.ആംബുലൻസിന്റെ റിപ്പയറിംഗ്ജോലികൾ പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗത്തിന്റെ അംഗീകാരത്തോട് കൂടി മാത്രം നടത്തുക.

പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ

ക്ഷണിക്കുന്നു.

1-16 വനിത വസ്ത്രനിർമ്മാണ യൂണിറ്റ് കെട്ടിടത്തിൽ സ്വയം തൊഴിൽ സംരംഭം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 194/20 |
| അടങ്കൽ | 1.35 ലക്ഷം വികസന ഫണ്ട്, 1.3 ലക്ഷം, 5000/-സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | 109710 |
| ഫണ്ടിനം | വികസനഫണ്ട് (ജനറൽ) |
| ബിൽ നം. | 1. 49200- 50/19-20 /23.03.20<br>2. 46000- 51/19-20 /23.03.20<br>3. 14510- 52/19-20 /23.03.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വസ്ത്ര നിർമ്മാണയൂണിറ്റ് ആരംഭിയ്ക്കുന്നതിനായി തയ്യൽ മെഷീൻ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുകയായ 95200 രൂപയുടെ ക്വട്ടേഷൻ സമർപ്പിച്ച മരിയ വുഡ് ക്രാഫ്റ്റ് തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. എന്നാൽ ക്വട്ടേഷൻ നോട്ടീസ് ,വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകൾ ,മരിയ വുഡ് ക്രാഫ്റ്റ് തലയോലപ്പറമ്പ് എന്ന സ്ഥാപനം സമർപ്പിച്ച Supply Bill എന്നിവ ഫയലിൽ ലഭ്യമല്ല.

2.ഭരണ സമിതിയുടെ 20.10.2020 ലെ 10/1 നമ്പർ തീരുമാന പ്രകാരം കുടുംബ ശ്രീ മുഖേന വസ്ത്ര നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നടത്തുന്നതിനും ഇതിനായി തയ്യൽ മെഷീനുകൾ, ഫർണിച്ചറുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ കുടുംബശ്രീക്ക് സൗജന്യമായി കൈമാറുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ കുടുംബശ്രീ ഏറ്റെടുത്തതിന്റെ രേഖകളോ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചതിന്റെ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.

3.ബിൽ നം.3 പ്രകാരം 14510 രൂപ സുറുമി ഇന്റീരിയേഴ്സ്& ഫർണീച്ചേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ എന്ത് ആവശ്യത്തിനാണ് തുക നൽകിയതെന്ന് വ്യക്തമല്ല.

4.വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം സംബന്ധിച്ച് കുടുംബശ്രീയുമായി കരാറിലേർപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/24.02.2022) മരിയ വുഡ് ക്രാഫ്റ്റ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തയ്യൽ മെഷീൻ, മോട്ടോർ എന്നിവ വാങ്ങുകയും സുറുമി ഇന്റീരിയേഴ്സ്& ഫർണീച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 14510 രൂപയുടെ കട്ടിംഗ് ടേബിൾ,സ്റ്റൂൾ എന്നിവ വാങ്ങുകയും എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫയലിൽ സൂക്ഷിക്കേണ്ട എല്ലാ രേഖകളും ചെയ്യാൻ സാധിക്കാതെ വന്നതാണെന്നും അവ കണ്ടെത്തി ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.എന്നാൽ ഇതിൽ 6 തയ്യൽ മെഷീനുകളും 2 മോട്ടോറുകളും മാത്രമാണ് സ്റ്റോക്കിൽ ചേർത്തിട്ടുള്ളത്. 14510 രൂപയ്ക്ക് വാങ്ങിയെന്ന് പറയുന്ന കട്ടിഗ് ടേബിൾ,സ്റ്റൂൾ എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതാണോയെന്നും അവ ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമല്ല.മാത്രമല്ല ഒരു തയ്യൽ മെഷീൻ മാത്രമേ

നിലവിൽ കൃത്യമായി പ്രവർത്തിക്കുന്നുള്ളുവെന്ന് കുടുംബശ്രീ പ്രവർത്തകർ അറിയിച്ചിട്ടുമുണ്ട്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 109710 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം,കൈപ്പറ്റിയ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് കുടുംബശ്രീയുമായി കരാറിലേർപ്പെട്ട് വിവരം അറിയിക്കേണ്ടതുമാണ്.

1-17 വരൾച്ചാ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്തതിന് ശ്രീ.ബൈജു.കെ.മാത്യു, കൊല്ലം പറമ്പിൽ എന്നയാൾക്ക് 2019-20 വർഷം താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമനം. | കാലയളവ് | നൽകിയ തുക | വൗച്ചർ നം. |
|---|---|---|---|
| 1 | 22.04.19 മുതൽ 11.05.19 വരെ | 89000 | 219000159/20.05.19 |
| 2 | 12.05.19 മുതൽ 09.06.19 വരെ | 129050 | 21900242/13.06.19 |
| | ആകെ | 218050 | |

എന്നാൽ 1964 ലെ ഐ.ടി ആക്ട് സെക്ഷൻ 194 സി പ്രകാരം ടി കരാറുകാരനിൽ നിന്നും 1% ആദായനികുതിയായി 2181 രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ടിയാനിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. കൂടാതെ ദിവസേനയുള്ള ജി.പി.എസ് ട്രാക്കിംഗ് റിപ്പോർട്ട് കരാറുകാരൻ ഹാജരാക്കിയിട്ടുമില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/18.02.22) ആദായനികുതി ഈടാക്കാത്തത് മനപൂർവ്വമല്ലായെന്നും ജി.പി.എസ്.ട്രാക്കിംഗ് റിപ്പോർട്ട് ലഭ്യമാക്കാൻ കരാറുകാരന് അറിയിപ്പ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും 2181 രൂപ ആദായനികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതും ജി.പി.എസ് ട്രാക്കിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-18 പത്രപരസ്യം- അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ പരസ്യങ്ങൾ മാതൃഭൂമി ദിനപത്രത്തിൽ നൽകിയതിന് 2019-20 വർഷം താഴെ പറയും പ്രകാരം 40415 രൂപ മാതൃഭൂമി പബ്ലിക്കേഷൻസിന് അനുവദിച്ച് നൽകിയിട്ടുണ്ട്(38490+1925(ജി.എസ്.റ്റി)).

| ക്രമ നം. | വൗച്ചർ നം./തീയതി | പരസ്യ ചാർജ്ജ് + ജി.എസ്.റ്റി |
|---|---|---|
| 1 | 21900703/10.10.19 | 8400+420 |
| 2 | 21900928/03.12.19 | 10890+545 |
| 3 | 21900929/03.12.19 | 6000+300 |
| 4 | 21900930/03.12.19 | 7200+360 |
| 5 | 21901130/27.01.20 | 6000+300 |

| | | |
|---|---|---|
| | ആകെ | 38490+1925 |

ജി.ഒ(ആർ.ടി)1/2011/പി.ആന്റ്.എ.ആർഡി,തീ.04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാതൃഭൂമിയിൽ നിന്നും ഇത്തരത്തിൽ 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.04/18.02.22)വരും വർഷങ്ങളിൽ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ പത്ര സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പത്ര പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതാണ്.

1-19 പെൻസിൽ പ്രോഗ്രാം- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായില്ല

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തും കുടുംബശ്രീയും ചേർന്ന് 25.05.2019ന് ബഹു പഞ്ചായത്ത് ഡയറക്ടറുടെ 09.05.2019ലെ PAN /20018/2018-J 5(dp) നമ്പര് കത്ത് പ്രകാരം കുട്ടികളുടെ അവധികാല പഠനക്യാമ്പായ "പെൻസിൽ" എന്ന പ്രോഗ്രാം നടത്തിയിട്ടുണ്ട്. ആയതിന്റെ ചെലവിലേക്ക് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സണ് 10000രൂപ(ചെക്ക് നം..562482/12.06.19) നൽകിയിട്ടുണ്ട്. ആയതിന്റെ വൗച്ചറുകൾ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം കിലയ്ക്ക് സമർപ്പിക്കുന്ന മുറക്ക് ടി തുക തിരികെ ലഭിക്കുന്നതാണെന്ന് മേൽ കത്തിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു. ഇപ്രകാരം തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/18.02.22)തുക ലഭിക്കുന്നതിന് വൗച്ചറുകൾ ബഹു.ഡി.ഡി.പി മുഖേന കിലയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കിലയിൽ നിന്നും തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

അസി. എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥനായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|
| 223/20 | താളിയേക്കൽ വട്ടംകണ്ടം റോഡ് റീ ടാറിംഗ് | 300000 |
| 224/20 | തലപ്പാറ – കീഴൂർ റോഡ് പുനരുദ്ധാരണം | 34500 |
| 226/20 | അംഗനവാടി മെയിന്റനൻസ് നമ്പർ 122 | 350000 |
| 228/20 | തലയോലപ്പറമ്പ് - പുഞ്ചയിൽ റോഡ് മണ്ണ് ഫില്ലിംഗ് | 100000 |
| 231/20 | അംഗനവാടി മെയിന്റനൻസ് നമ്പർ 129 | 250000 |
| 235/20 | അംഗനവാടി മെയിന്റനൻസ് നമ്പർ 137 | 250000 |
| 236/20 | മുണ്ടോടി കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് | 300000 |
| 237/20 | മാത്താനം - വാലുചിറ റോഡ് മണ്ണിട്ടുയർത്തൽ | 150000 |

| | | |
|---|---|---|
| 238/20 | മഞ്ഞക്കണ്ടം റോഡ് പുനരുദ്ധാരണം | 50000 |
| 212/20 | എക്സ്ചേഞ്ച് റോഡ് കോൺക്രീറ്റിംഗ് | 3221 |
| 214/20 | പാലം -കോലത്താർ റോഡ് മെറ്റലിംഗ് | 200000 |
| 216/20 | മാക്കോകുഴി- കോപ്പറമ്പിൽ റോഡ് മണ്ണിട്ടുയർത്തൽ | 200000 |
| 217/20 | കന്നിമംഗലം- ചാലുവേലിൽ റോഡ് മണ്ണിട്ടുയർത്തൽ | 100000 |
| 218/20 | തെക്കേത്തറ- വാടമിറ്റം റോഡ് ടാറിംഗ് | 300000 |
| 240/20 | ഗ്രാമപഞ്ചായത്ത് മാർക്കറ്റ് നവീകരണം | 850000 |
| 243/20 | പൊതു ശൗചാലയം നിർമ്മിക്കൽ | 1320000 |

പ്രോജക്ടുകളുടെ ആദ്യ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് മരാമത്ത് പ്രവൃത്തികൾ സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ ഉൾപ്പെടുത്തുന്നത്. 29.3.17-ലെ ജി.ഒ (എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗരേഖാ ഉത്തരവ് ഖണ്ഡിക 6-8 (2) അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവറായ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ തുകകൾ ഇപ്രകാരം രണ്ടു വർഷങ്ങളിലും നഷ്ടപ്പെട്ടിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കിയില്ല.

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്.

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

1-22 ബാലസഭ - 2317 രൂപ ചെലവഴിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 129/2019-20, ബാലസഭ |
| ചെലവ്, ഫണ്ടിനം | 30000/- വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ , തീയതി | 3/28.10.19 |
| നിർവ്വഹണോദ്യോഗസ്ഥ | അസി. സെക്രട്ടറി |

മേൽ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 30000 രൂപ പിൻവലിച്ച് 7.11.19 ൽ സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയിരുന്നു. സി.ഡി.എസ്സിന്റെ മേൽനോട്ടത്തിൽ 21.12.19 ൽ പഞ്ചായത്ത്തലത്തിൽ ബാലസഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഹാജരാക്കിയ വൗച്ചർ പ്രകാരം ആകെ ചെലവ് 27683 രൂപയാണ്. ബാക്കി തുക തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ചെലവഴിച്ച ശേഷം അറിയിക്കാമെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കുന്നതിനായി 2317 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-23 ബാരൽവില നിശ്ചിത ശീർഷകത്തിൽ അടവാക്കുന്നില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില

ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്.

| പ്രോജക്ട് നം/ പേര് | ആകെ ചെലവ് | ടാർവീപ്പകളുടെ വില തനത്ഫണ്ടിൽ നിക്ഷേപിച്ചത് (ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|
| 31/20 മേഴ്സി തോട്ടപ്പുഞ്ച റോഡ് റീ ടാറിംഗ് | 145203 | 1124 |
| 54/20 കാർത്ത്യായനി അമ്പലം ആലങ്കേരി റോഡ് റീ ടാറിംഗ് | 98537 | 1405 |
| 82/20, മണിച്ചവിട്ടിത്തറ – കരിയത്തറ റോഡ് ടാറിംഗ് | 396891 | 2529 |
| 59/20, ഞാറവേലിൽ മുണ്ടിയിൽ റോഡ് ടാറിംഗ് | 217432 | 1405 |
| 200/20 , പാരപ്പള്ളി കോലേഴം റോഡ് റീ ടാറിംഗ് | 83443 | 1686 |
| 169/20, മാമലശ്ശേരി – കാളിവേലി റോഡ് ടാറിംഗ് | 198936 | 2248 |
| 168/20 , പൊട്ടൻചിറ കൊല്ലാറ റോഡ് റീ ടാറിംഗ് | 489555 | 7868 |
| 176/20, കണ്ണങ്കേരിപ്പാറ തലപ്പാറ റോഡ് റീ ടാറിംഗ് | 445398 | 5901 |

അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് തുക തനതുഫണ്ടിൽനിന്നും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ മറുപടി ലഭ്യമാക്കി. ബാരൽവിലയിനത്തിൽ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക നിശ്ചിത ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, | 89/19-20 |
| ചെലവ്, ഫണ്ടിനം | 600000/- |

| | |
|---|---|
| | വികസനഫണ്ട് |
| ബിൽ നമ്പർ, തീയതി | 15,16,17,18,19,20/9.3.20<br>29,30/ 30.3.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ജനറൽ വിഭാഗത്തിൽ പെട്ട 48 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണത്തിന് 12000 രൂപ വീതം സബ്സിഡി നൽകുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 5/20 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജയ്മോൾ കട്ടേത്ത് എന്ന ഗുണഭോക്താവ് 1/21 ന് ശേഷവും ശ്രീമതി ലൂസി ജോർജ് , ഇടക്കേരിൽ എന്ന ഗുണഭോക്താവ് 2/21 ന് ശേഷവും കാലിത്തീറ്റ വാങ്ങിയിട്ടില്ല.

16 മാസം മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്തത് ( 5/20 മുതൽ 10/21 വരെ )

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 6/2019-20/21.02.2022)) നൽകുകയുണ്ടായി. ജയ്മോൾ കട്ടേത്ത് , ലൂസി ജോർജ് , ഇടക്കേരിൽ എന്നീ ഗുണഭോക്താക്കളുടെ കിടാരികൾ പദ്ധതി കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പ് മരണപ്പെട്ട് പോയതിനാലാണ് തുടർന്ന് ആനുകൂല്യം നൽകാത്തതെന്ന് മറുപടി ലഭ്യമാക്കി. ടി ഗുണഭോക്താക്കളുടെ ബാക്കിയുള്ള ആനുപാതിക വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

16 മാസം മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്തത് . ആയതിന് വിശദീകരണം ലഭ്യമായില്ല. നിർവ്വഹണകാലയളവ് മുഴുവൻ കാലിത്തീറ്റ വിതരണം ചെയ്യാനാവാത്തിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-25 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം 104/ 19-20 – സാന്ത്വന പരിചരണ പദ്ധതി
അടങ്കൽ-6ലക്ഷം (വികസന ഫണ്ട് ജനറൽ)

ചെലവ്- 561149 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നം- 20/19-20 തീയതി 31`.03.20 തുക 63818 രൂപ

പ്രസ്തുത പ്രോജക്റ്റ് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് 63818 രൂപ കെ.എം.എസ്.സി.എൽ ന്റെ 10960200004870 നം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/22.02.22) മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-26 ഭവന പുനരുദ്ധാരണം - വീട് പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ് നം 131/ 19-20 – വീട് വാസയോഗ്യമാക്കൽ
അടങ്കൽ-3 ലക്ഷം (2.56 ലക്ഷം വികസന ഫണ്ട് (TSP), 44000/- തനത്ഫണ്ട്)

ചെലവ്- 75000 (ടി.എസ്.പി) വികസനഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഓ

ബിൽ നം- 06/19-20 തീയതി 19.02.20 തുക 75000 രൂപ

പ്രസ്തുത പ്രോജക്റ്റ് പ്രകാരം മനോഹരൻ.പി.കെ എന്ന വ്യക്തിക്ക് അഡ്വാൻസായി 75000 രൂപ നൽകിയിട്ടുണ്ടെങ്കിലും പ്രോജക്റ്റ് ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ടിയാൻ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 25.06.21 തീയതിയിലെ 1/7 നമ്പർ

തീരുമാന പ്രകാരം മനോഹരൻ.പി.കെ വീട് പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രോജക്ട് സ്പിൽ ഓവറായി തുടരേണ്ടതില്ലായെന്നും നൽകിയ തുക പലിശ തിരികെ ഈടാക്കുന്നതിന് വി.ഇ.ഓയെ ചുമതലപ്പെടുത്തിയും തീരുമാനച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/22.02.22) ഇതു സംബന്ധിച്ച് മനോഹരൻ.പി.കെക്ക് കത്ത് നൽകിയിട്ടുള്ളതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വീട് പണി പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-27 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

2019-20 വർഷം താഴെപറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | ഒടുക്കിയ തുക | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 32/20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 394000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 23/19-20/ 28.11.19 | വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 122/20 ചക്കാല കോളനി പൈപ്പ് ലൈൻ നീട്ടൽ | 150000 (എസ്.സി.പി) | കേരള വാട്ടർ അതോറിറ്റി | 24/19-20/ 28.11.19 | |
| 3 | 178/20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 140000- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 10/19-20/ 02.07.19 | |
| 4 | 33/20 വിവിധ വാർഡുകളിൽ എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 197112 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി | 22/19-20 /18.11.19 | |
| 5 | 158/20 വിവിധ വാർഡുകളിൽ എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 109403 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | കെ.എസ്.ഇ.ബി | 09/19-20 /02.07.19 | |
| | ആകെ | 990515 | | | |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം, ക്രമ നം.1,2 എന്നിവയിൽ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം. 15/23.02.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യ പത്രം, കരാർ എന്നിവ ഹാജരാക്കുന്നതുവരെ 990515 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഇ-ടെണ്ടർ- ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2019-20 വർഷം വിവിധ വർക്കുകളിലായി ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം 29506 രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ തലയോലപ്പറമ്പ് ശാഖയിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നം-38041763350). ടെൻഡർ ഫീ ഇനത്തിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള തുക കൂടാതെ മുൻവർഷങ്ങളിലേതുൾപ്പെടെ ലഭിക്കുവാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

### 1-29 ലൈഫ് പദ്ധതി അവലോകനം. 2019-20

ലൈഫ് ഭവനപദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം ആകെ 8 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ആകെ 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ഗുണഭോക്താക്കളിൽ 6 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2019-20 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്ലാൻ ഫണ്ട് | ബ്ലോക്ക് വിഹിതം | സംസ്ഥാന വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|---|
| 245/20-21 (ലൈഫ് ഭവന പദ്ധതി-ജനറൽ) | 1781761 (ജനറൽ) | | | | 1600000 | 3381761 |
| 193/20-21 (ലൈഫ് ഭവന പദ്ധതി-(എസ്.സി.പി) | | 720000 | | 660000 | | 1380000 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 05/06/2020-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 17/06/2020 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായുംഹാജരാക്കിയിട്ടുണ്ട് ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14/2/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | | 200000 | |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും കേരള വാട്ടർ അതോറിട്ടിയിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ബിൽ നം /തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 32/20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 394000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 23/19-20/ 28.11.19 | 0 | 394000/- |
| കേരള വാട്ടർ അതോറിറ്റി | 122/20 ചക്കാല കോളനി പൈപ്പ് | 150000 | 24/19-20/ 28.11.19 | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ നീട്ടൽ | (എസ്.സി.പി) | | | |
| കേരള വാട്ടർ അതോറിറ്റി | 178/20 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 140000-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0/19-20/ 02.07.19 | 0 | 140000 |
| കെ.എസ്.ഇ.ബി | 33/20 വിവിധ വാർഡുകളിൽ എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 197112 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/19-20 /18.11.19 | 0 | 197112 |
| കെ.എസ്.ഇ.ബി | 158/20 വിവിധ വാർഡുകളിൽ എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ നീട്ടൽ | 109403 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 09/19-20 /02.07.19 | 0 | 109403 |
| | ആകെ | 990515 | | ആകെ | 990515 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2019-20 ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി(KURDFC) | ജി ഓ (എം എസ് ) നം 100/2018 /തസ്വഭവ,30.07.2018 | 6280000 | 620000 | 720588 | 6179412 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2571758 |
| തൻവർഷം നിക്ഷേപിച്ച തുക | 3715483 |
| ആകെ | 6287241 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2020-ൽ അവശേഷിക്കുന്ന | 6287241 |

സ്ഥിരനിക്ഷേപം

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, വർഷം | പ്രാരംഭബാക്കി | 19-20 പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി. FD No.09226 | 7,50,000 26.11.12 | 1246548 | 102840 | 1349388 |
| 2 | ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ് FD No.85025 | 7,50,000 28.11.12 | 1325210 | 112643 | 1437853 |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്- 0802101000001646 | 2500000 03.10.19 | 0 | 0 | 2500000 |
| 4 | എസ്.ബി.ഐ,തലയോലപ്പറമ്പ് 39209454473 | 1000000 09.03.20 | 0 | 0 | 1000000 |
| | ആകെ | 50,00,000 | 2571758 | 215483 | 6287241 |

ഇതിൽ ക്രമനം. 3, 4 എന്നിവയിലെ സ്ഥിര നിക്ഷേപങ്ങൾ തൻ വർഷം (19-20)ആരംഭിച്ചവയാണ്. (ക്രമ നം.2 ലെ സ്ഥിര നിക്ഷേപം 09.02.2021 ലും ക്രമ നം.3 ലെ സ്ഥിര നിക്ഷേപം 10.01.2022 ലും ക്ലോസ് ചെയ്തതിനാൽ ഓഡിറ്റ് സമയത്ത് അവയുടെ സ്ഥിര നിക്ഷേപ സാക്ഷ്യപത്രങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ സ്ഥിര നിക്ഷേപ രജിസ്റ്റർ, വാർഷികകണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.)

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 2-7 | 2000 | ബെവ്കോ,തലയോലപ്പറമ്പ്(ലൈസൻസ് ഫീ) | 119050104543 25.11.2019 |
| 2018-19 | 2-7 | 3000 | ഇൻഡ്യൻ കോഫീ ഹൗസ്,തലയോലപ്പറമ്പ് (ലൈസൻസ് ഫീ) | 119050106607 19.02.2020 |
| | ആകെ | 5000 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 3-9 | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2002-03 | ചെലവ് ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1999-00 | 25(ബി), 33 | 2003-04 | പേജ് 63 | 1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - 10,554<br>2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി-15,608 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | | 2013-14 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1 പേജ് 57, 65, 76 | | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 3-14 | 2016-17 | | ആവശ്യാധിഷ്ഠിതമല്ലാതെ അംഗനവാടികൾക്ക് എ സി വാങ്ങി സ്ഥാപിച്ചത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55446271 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64844507 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1102542 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

*ഇല്ല*

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 109710 | ശ്രീ.സുനിൽ എസ്, സെക്രട്ടറി |
| 1-22 | 2317 | ശ്രീമതി ഷീജമോൾ കെ അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 990515 | ശ്രീ.സുനിൽ എസ്, സെക്രട്ടറി |

| | |
|---|---|
| ആകെ | 1102542 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഇനം |
|---|---|---|
| 1-17 | 2181 | ആദായനികുതി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

വ്യക്തമായ നഷ്ടം ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062 /07/30.06.09/6.10.09 | |
| 1999-00 ചെലവ് | എൽ.എഫ്.കെ.പി5/1006/അദാ/14 /7.1.15 | 12 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096 /07/30.06.09/6.10.09 | |
| 1999-00 വരവ് | എൽ.എഫ്.കെ.പി5/1097/07/1.07.09 /6.10.09 | |
| പ്ലാൻ 2000-01, 01-02 | എൽ.എഫ്.കെ.പി5/569/അദാ/14 /7.1.15 | 11 |
| 2000-01 വരവ് | എൽ.എഫ്.കെ.പി5/1098 /07/30.06.09/14.9.09 | |
| 2001-02 | എൽ.എഫ്.കെ.പി5/1082 /08/30.03.10 | - |
| 2002-03 | എൽ.എഫ്.കെ.പി5/678/30.03.2016 | |
| 2003-04 | എൽ.എഫ്.കെ.പി5/1084 /08/19.09.09/26.3.10 | - |
| 2004-05 | കെ.എസ്.എ- കെ.ടി.എം.പി8(അദാ.)2018-31(3)/2018 /16.02.18/14.03.18 | 2 |
| 2005-06 | കെ.എസ്.എ- കെ.ടി.എം.പി8(അദാ.)2018-31(4)/2018 /16.02.18/14.03.18 | 2 |
| 2006-07 | കെ.എസ്.എ- കെ.ടി.എം.പി8(അദാ.)2018-31(5)/2018 | 8 |

| | | |
|---|---|---|
| | /16.02.18/14.03.18 | |
| 2007-08 | കെ.എസ്.എ-<br>കെ.ടി.എം.പി8(അദാ.)2018-31(2)/2018<br>/16.02.18/14.03.18 | 15 |
| 2008-09 | കെ.എസ്.എ-<br>കെ.ടി.എം.പി8(അദാ.)2018-31(6)/2018<br>/16.02.18/14.03.18 | 7 |
| 2009-10 | എൽ.എഫ്.കെ.പി9/872/11/8.11.12 | 16 |
| 2010-11<br>&<br>2011-12 | എൽ.എഫ്.കെ.പി9/920/13/28.01.14<br>/3.2.14 | 32 |
| 2012-13 | എൽ.എഫ്.കെ.പി9/585/14/21.4.15 | 18 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/163<br>/16/21.03.16/23.03.16 | 5 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി9/967<br>/16/12.7.16/21.07.16 | 16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി8/1437<br>/17/06.12.17 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി8/1335<br>/17/19.01.18 | 19 |
| 2017-18 | കെ.എസ്.എ-<br>കെ.ടി.എം.പി.8/1069/19 തീയതി<br>14.10.2019 | 14 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി.8/1226/19 തീയതി<br>27.08.19/28.09.19 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്